LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ മോഡണൈസേഷൻ പദ്ധതി

2 (1741) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ മോഡണൈസേഷൻ പദ്ധതിപ്രകാരം ട്രാഫിക് പോലീസിനുവേണ്ടി എത്ര റഡാറുകളും, ബ്രീത്ത് അനലൈസറുകളും പുതുതായി വാങ്ങിയിട്ടുണ്ട് ; അതിനായി എന്ത് തുക ചെലവായി ;

(ബി) ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇവ ലഭിച്ചശേഷം ഓവർ സ്പീഡ്, മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ് ഇവ സംബന്ധിച്ച് ഓരോ ജില്ലയിലും ഇതേവരെ രജിസ്റ്റർ ചെയ്ത കേസ്സുകൾ സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) ഈ കാലയളവിൽ ഹെൽമെറ്റ് ധരിക്കാതെ വണ്ടി ഓടിച്ചതിന് എത്രപേരെ പിടികൂടിയിട്ടുണ്ട് ; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോഡണൈസേഷൻ പദ്ധതി പ്രകാരം 2009-09 സാമ്പത്തിക വർഷത്തിൽ 10 ലേസർ സ്പീഡ് റഡാറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 98,66,250-രൂപ ചെലവായിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ 50 ആൽക്കോമീറ്ററുകൾ വാങ്ങി. ഇതിനായി 35,10,000 രൂപ ചെലവായിട്ടുണ്ട്.

(ബി) വിതരണം സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം I ആയി* ചേർത്തിരിക്കുന്നു.

(സി) ഇതു സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം II ആയി* ചേർത്തിരിക്കുന്നു.

(ഡി) ഈ കാലയളവിൽ സംസ്ഥാനത്ത് മൊത്തം 2327812 ഹെൽമെറ്റ് ഉപയോഗിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അത്രയും പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

പോലീസ് മോഡണൈസേഷൻ നടപ്പിലാക്കുന്നതിന് കേന്ദ്ര ഫണ്ട്

3 (1742) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് മോഡണൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രത്തിൽ നിന്നും ഇക്കൊല്ലം എത്ര തുക ലഭിച്ചു ; ഇത് എന്തിനെല്ലാം വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സംസ്ഥാനത്ത് പോലീസ് മോഡണൈസേഷൻ നടപ്പിലാക്കുന്നതിനായി 2598 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ആയത് താഴെപ്പറയുന്ന പ്രകാരമാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

കൺസ്ട്രക്ഷൻ	-	932.5	ലക്ഷം രൂപ
ആയുധങ്ങൾ	-	510	ലക്ഷം രൂപ
ഉപകരണങ്ങൾ	-	1155.50	ലക്ഷം രൂപ

പോലീസിലെ മോഡണൈസേഷൻ

4 (1743) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ മോഡണൈസേഷന്റെഭാഗമായി വിവിധ വിഭാഗങ്ങൾക്കു വേണ്ടി വാങ്ങിയ ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയും അവയുടെ ഉപയോഗം കൊണ്ടുണ്ടായിട്ടുള്ള കാര്യക്ഷമതയും വിലയിരുത്തിയിട്ടുണ്ടോ : എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) ആധുനിക ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഹായകരമായ പരിശീലനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) ആധുനിക ആയുധങ്ങളും ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കി സൂക്ഷിക്കുന്നതിനും അവയുടെ മെയിന്റനൻസും റിപ്പയറിംഗും നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മോഡണൈസേഷൻ പദ്ധതിയിൽപ്പെടുത്തി ഒട്ടാകെ വാങ്ങിയ എയർകണ്ടീഷനറുകൾ എത്രയെന്നും അവയുടെ ഇൻസ്റ്റലേഷൻ സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ ?

ഉത്തരം

(എ) മോഡണൈസേഷൻ സ്കീം മോണിറ്റർ ചെയ്യുന്നതിനായി അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (സൗത്ത് സോൺ), ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (തിരുവനന്തപുരം റേഞ്ച്), ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ട്രാഫിക്) എന്നിവരടങ്ങുന്ന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ കൺകറന്റ് ഓഡിറ്റ് ടീം ആറുമാസത്തിലൊരിക്കൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്കാണ് ഫണ്ട് ലഭ്യമാക്കുന്നത്.

(ബി) ആധുനിക ഉപകരണങ്ങൾ വാങ്ങുമ്പോൾ തന്നെ ആയത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly